## 1232

*രീതി: അതിരാവിലെ തിരുസന്നിധി*

അതിമോദം നിന്തിരു സന്നിധിയണയുന്നു പ്രഭാതത്തിൽ
സ്തുതിഗീതങ്ങൾ പാടിവാഴ്ത്തുവാൻ കൃപയേകണമധികം

1 തിരുനാമത്തിലഭയം പ്രാപിച്ചധികം ശക്തി ലഭിപ്പാൻ
തിരുസന്നിധിയണയുന്നീശാ ബലഹീനനാമടിയൻ-

2 മമ ജീവിതവഴികൾ തവഹിതം പോൽ തുടർന്നിടുവാൻ
പരനേ, മമ പ്രിയനേ, കൃപ പകർന്നീടണമധികം-

3 അരുണോദയസമയം പാരിൽ പതഗഗണം പാടുന്നു
തിരുവേദത്തിൻ പൊരുളേ ദിവ്യകതിർ വീശണം ഹൃദയേ-

4 അരിസഞ്ചയം വിഹരിക്കുന്നു, വിനകൾ വരുത്തിടുവാൻ
അഖിലേശ, മാം കരങ്ങൾ നീട്ടിപ്പരിപാലിക്ക പരനേ-

5 ജഗദീശനെ ഭജിച്ചാത്മീയ പുതുക്കം പ്രാപിച്ചതിനാൽ
ജയജീവിതം നയിപ്പാനാശ വളരുന്നാത്മപ്രിയനേ- **K.J.S.**